<u>റൂളിംഗ്</u>

## ചട്ടം 303 പ്രകാരം ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്

സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചത് സഭയുടെ സമ്മേളന കാലയളവിലാണെന്നും ഇത്തരം തീരുമാനങ്ങൾ സഭാ സമ്മേളനകാലത്ത് സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് കീഴ്വഴക്കമെന്നും ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുണ്ടായിട്ടുണ്ടെന്നും അതിന് വിരുദ്ധമായി പ്രവർത്തിച്ചത് ഉചിമായിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാർ തന്റെ ക്രമപ്രശ്നത്തിൽ ഉന്നയിച്ചത്. സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചത് സംബന്ധിച്ച തീരുമാനം ഭരണപരമായ ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതിന്റെ തുടർച്ചയായി എടുത്തിട്ടുള്ളതാണെന്നും അത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി വന്നതല്ലെന്നും അതുകൊണ്ടാണ് സഭയിൽ അത് പ്രത്യേകമായി അനൗൺസ് ചെയ്യാതിരുന്നതെന്നും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. നയപരമായ

കാര്യങ്ങളിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ സഭാ സമ്മേളന കാലയളവിലാണെങ്കിൽ അക്കാര്യം സഭയിൽതന്നെ ആദ്യം പ്രഖ്യാപിക്കുന്ന ഒരു കീഴ്വഴക്കമാണ് നമ്മുടെ സഭയ്ക്കുള്ളത്. ഈ കീഴ്വഴക്കം ലംഘിക്കപ്പെട്ടപ്പോഴെല്ലാം മുൻകാലങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുണ്ടായിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ഏറ്റവുമൊടുവിൽ ചെയറിൽനിന്നും റൂളിംഗുണ്ടായത് 2016 ജൂൺ മാസം 30-ന് ആയിരുന്നു. സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭാ സമ്മേളന കാലയളവിൽ സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് ഉത്തമമായ മാതൃകയെന്നുതന്നെയാണ് മുൻകാലങ്ങളിലെ റൂളിംഗുകളിലൂടെ ഊന്നിപ്പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്ത് വർഷങ്ങളായി നിലനിന്നിരുന്ന വെള്ളക്കരം നിരക്ക് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് ഔദ്യോഗിക തലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് തികച്ചും ഒരു ഭരണപരമായ നടപടിക്രമം ആണെങ്കിൽപ്പോലും സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളേയും ബാധിക്കുന്ന ഒരു തീരുമാനമെന്ന നിലയിലും സഭാ സമ്മേളനത്തിലായിരുന്ന സാഹചര്യത്തിലും ഇക്കാര്യം സഭയിൽത്തന്നെ പ്രഖ്യാപിച്ചിരുന്നുവെങ്കിൽ

അത് ഉത്തമമമായൊരു മാതൃകയാകുമായിരുന്നുവെന്നാണ് ചെയറിന് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഭാവിയിൽ ബന്ധപ്പെട്ട എല്ലാവരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.